ശ്രീ. ടി. ഒ. ബാവാ : എറണാകുളം നോർത്തിലെ ഓവർബ്രിഡ്ജിന്റെ ഇപ്പോഴത്തെ അപ്രോച്ച് റോഡു ഇപ്പോഴേ നിർമ്മിച്ചിട്ടുള്ളതിൽ വളരെ കുത്തനെയുള്ള ഇറക്കം ഉള്ളതുകൊണ്ടു നിരവധി അപകടങ്ങൾ ഉണ്ടാകുന്നുണ്ടു്. ഈ അപകടം ഒഴിവാക്കാനും അതിന്റെ അറ്റകുറ്റപ്പണികളും തീർക്കാനും ദയവു ണ്ടാകുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ഒരു പ്രശ്നം അവിടെ ഉള്ളതായി അറിവില്ല. ഈ റോഡിനു് സ്ലോപ്പു് വേണ്ടത്രയില്ല എന്നുള്ളതായിരിക്കും മെമ്പർ പറയുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അതേപ്പറ്റി ആലോചിച്ചിട്ടുണ്ടു്. പക്ഷേ ആ സ്ഥലത്തു് കൂടുതൽ സ്ലോപ്പോടുകൂടി ഗ്രാഡിയന്റു് ശരിപ്പെടുത്തി അപ്രോച്ചു് റോഡു് പണിയുന്നതു പ്രയാസമാണെന്നുകണ്ടു. അതിനു് കൂടുതൽ അക്വിസിഷൻ വേണ്ടിവരും കൂടുതൽ പണച്ചെലവുമുണ്ടാകും.

അതു കൊണ്ടാണു് ഇത്രയും സ്ലോപ്പോടുകൂടി റോഡു് പണിയാൻ തീരുമാനിച്ചതു് ക്യാലിക്കട്ടിൽ പണതിട്ടുള്ള ഓവർബ്രിഡ്ജിന്റെ അപ്രോച്ചു് റോഡിനും ഈ ബുദ്ധിമുട്ടുണ്ടു് കൈവണ്ടിക്കാക്കും മറ്റും അത്തരം റോഡിൽകൂടി പോകാൻ കുറച്ചു പ്രയാസമുണ്ടാവും. കുറെകൂടി സ്ലോപ്പാക്കി ഉണ്ടാക്കുന്നതിനു വളരെ ചിലവിച്ചു പണച്ചെലവുവരുമെന്നതുകൊണ്ടാണു് ഈ മാതിരിയുള്ള ഒരു സ്ലോപ്പു മാത്രം കൊടുക്കാൻ ഇടയായതു്.

ജീവിതാവശ്യസാധനങ്ങളുടെ വിലക്കയറ്റം

* 114. [5] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് 1962 ജനുവരിമുതൽ 1963 ഡിസംബർ അവസാനം വരെയുള്ള കാലയളവിൽ ജീവിതാവശ്യ സാധനങ്ങളുടെ വില നിരക്കു് എത്ര ശതമാനം കൂറിയിട്ടുണ്ടു്;

(ബി) അരി, തുണി, ഉള്ളി, മുളകു്, പഞ്ചസാര, വെളിച്ചെണ്ണ, പാൽ, നെയ്യു്, മീൻ, മുട്ട, പയർ, ഉഴുന്നു്, കടല, ഗോതമ്പു് തുടങ്ങിയവയുടെ വില വർദ്ധനവു് എത്ര ശതമാനം കൂറിയെന്നു പറയുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) 1962 ജനുവരിമുതൽ 1963 ഡിസംബർവരെയുള്ള കാലയളവിനുള്ളിൽ ജീവിതാവശ്യസാധനങ്ങളുടെ വില 17 പായിന്റു് ഉയർന്നിട്ടുണ്ടു്.

(ബി) എല്ലാ ഡിസ്ട്രിക്റ്റുകളിലേയും വിവരങ്ങൾ ശേഖരിച്ചിട്ടില്ല. എറണാകുളം ഡിസ്ട്രിക്റ്റിലെ വിലവർദ്ധനവു വിവരം താഴെ പറയും പ്രകാരം ആണു്.

അരി : 25 ശതമാനം, ഉള്ളി : 26.4 ശതമാനം
മുളകു് : 14.9 ശതമാനം, വെളിച്ചെണ്ണ : 37·2ശതമാനം,
പാൽ : 44 ശതമാനം, പയർ : 14.8 ശതമാനം,
ഉഴുന്നു് : 20 ശതമാനം,

തുണി, മീൻ കടല, നെയ്യു്, പഞ്ചസാര എന്നിവയുടെ വിലവർദ്ധനവു് ശരിയായഅറിയാൻകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി : വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ സാധുക്കളായ ചെറിയ ഉദ്യോഗസ്ഥന്മാക്കു് എന്തെങ്കിലും ആശ്വാസം നൽകുന്നതിനു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഇപ്പോഴ് ഈകാര്യം ഗവണ്മെന്റിന്റെ പ്രത്യേക ആലോചനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുഗതൻ: ബഹുമാനപ്പെട്ട മന്ത്രി സാധനങ്ങളുടെ വിലനിരക്ക് വർദ്ധിച്ചിട്ടുള്ളതായി പറഞ്ഞു. ചില സാധനങ്ങളിൽ മായംചേർക്കുകയും, ചിലതിന്റെ അളവിൽ കുറവുവരുത്തുകയും ചെയ്യുന്നതുകൊണ്ട് ഇപ്പോഴും പറഞ്ഞതിന്റെ രണ്ടു മടങ്ങു വില വർദ്ധിക്കുന്നുണ്ടെന്നുള്ള കാര്യം അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് ഓരോ സ്ഥലത്തെയും കച്ചവടക്കാരുടെ സ്വഭാവത്തെ അനുസരിച്ചിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : വെളിച്ചെണ്ണയ്ക്ക് 37.2 ശതമാനം വില വർദ്ധനവുണ്ടായിട്ടുണ്ടെന്നുപറഞ്ഞു. ഇങ്ങനെ വില വർദ്ധിച്ചിട്ടുണ്ടെങ്കിലും അങ്ങോട്ടു കൊടുക്കുന്നതിനു് കിട്ടുന്ന വില കുറവാണെന്നറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അങ്ങനെ വരാൻ ഇടയില്ല. വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്നതിനും വാങ്ങുന്നതിനും വ്യത്യാസം വരും.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സാധനങ്ങളുടെ വിലനിരക്കു് കടകളുടെ മുൻവശത്തു് എഴുതി വയ്ക്കണമെന്നുള്ള നിർദ്ദേശം നിർബ്ബന്ധമായി പാലിക്കണമെന്നുണ്ടോ ? അങ്ങനെ ചെയ്യുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കർശനമായി പാലിക്കണമെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ശതമാനക്കണക്കു് എന്നു് എടുത്തതാണു്; തീയതി പ്രത്യേകം പറഞ്ഞിട്ടില്ല. ഏതവസരത്തിലാണു് ഇതെടുത്തതു്; വില കൂടിയ കാലഘട്ടത്തിലേതാണോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : പ്രോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു് 1962 ജനുവരി മുതൽ, 1963 ഡിസംബർവരെയുള്ള കാലയളവിലെ വിലവർദ്ധനവാണു്. ആ കാലത്തെ ഏറ്റവും കൂടിയ വിലവർദ്ധനവാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സാധനങ്ങളുടെ വില നിലവാരം സൂക്ഷിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നുപറഞ്ഞു. ഏതുതരത്തിലാണു് ഈ നിർദ്ദേശം കൊടുത്തിട്ടുള്ളതു്; അതു നടപ്പിൽവരുത്തുന്നതിനു് ഏതു രൂപത്തിലുള്ള പ്രവർത്തനമാണു നടത്തുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അരിവിലയിലും മറ്റും വർദ്ധനവു് ഉണ്ടാകുമ്പോഴും, ഡിസ്ട്രിക്റ്റു് കളക്ടർ കച്ചവടക്കാരെ വിളിച്ചുകൂട്ടി, വില നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി എടുക്കാൻ പൊതുവേ ചില നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്.

ശ്രീ. എസ്. കുമാരൻ : ഇവിടെ പറഞ്ഞ നിത്യോപയോഗസാധനങ്ങളുടെ റീട്ടെയിൽ പ്രൈസ് ഇന്നതായിരിക്കണമെന്നു്, അതിൽ കൂടിയ വിലയ്ക്കു വിൽക്കാൻ പാടില്ലെന്നു് ഗവണ്മെന്റു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അങ്ങനെയൊരു വ്യവസ്ഥ ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതിനു പൊതുവേ ചില നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എസ്. കുമാരൻ: വില നിരക്കു വല്ലതും നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി ഗോവിന്ദൻനായർ: അങ്ങനെ വില നിശ്ചയിക്കാൻ സാദ്ധ്യമല്ല; കൺട്രോൾ കമ്മോഡിറ്റീസു്. അല്ലാത്തതുകൊണ്ടു് അങ്ങനെയൊരു എക്സിക്യൂട്ടീവു് ആർഡർ കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : അനിയന്ത്രിതമായി സാധനങ്ങളുടെ വില വർദ്ധിക്കുന്നതുകൊണ്ടു് ഒരു സ്റ്റാൻഡർഡൈസ്ഡ് പ്രൈസു് നിശ്ചയിക്കണമെന്നു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ ഒരുസ്റ്റാൻഡേർഡൈസ്ഡ് പ്രൈസ് നിശ്ചയിക്കാൻ ഇപ്പോഴും തീരുമാനിച്ചിട്ടില്ല.

ക്ഷയരോഗികൾക്കുള്ള ധനസഹായപദ്ധതി

* 115. [6] † ശ്രീ. പി. എസ്സ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗികൾക്കുള്ള ധനസഹായപദ്ധതി നടപ്പിലാക്കിയോ; എന്നുമുതൽ;

(ബി) ഈ പദ്ധതിയനുസരിച്ച് ഇന്നുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്:

(സി) ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചിരിക്കുന്നത് ഏതു താലൂക്കിൽനിന്നാണ്;

(ഡി) ഇതുവരെ ആകെ എത്ര അപേക്ഷകൾക്ക് ഈ പദ്ധതിയനുസരിച്ച് സംഖ്യ കൊടുത്തിട്ടുണ്ട്;

(ഇ) മൊത്തം എത്ര തുക കൊടുത്തിട്ടുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നടപ്പിലായി; 14-8-1963 മുതൽ.

(ബി) 5,810 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) കോഴിക്കോട്ട താലൂക്കിൽനിന്ന്.

(ഡി, ഇ) ചില അപേക്ഷകൾ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സംഖ്യ ആകെ കൊടുത്തിട്ടില്ല. കൊടുക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മി. സ്പീക്കർ: 19-ാം നമ്പർ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ക്ഷയരോഗികൾക്കുള്ള ധനസഹായം

* 116. [19] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ പ്രവേശനം ലഭിക്കാത്ത ക്ഷയരോഗികൾക്ക് ധനസഹായം നൽകുവാനായി 1963-64-ൽ നീക്കിവെച്ച സംഖ്യയെത്ര;

(ബി) ഇതുവരെയായി എത്ര ഹർജികൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ട്; എത്ര ഹർജിക്കാർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ട്;

(സി) ഒരു ക്ഷയരോഗി സഹായത്തിന് അർഹനാകണമെങ്കിലുള്ള ഉപാധികൾ എന്തൊക്കെ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 2,00,000 രൂപ.

(ബി) 6-ാമത്തെ ചോദ്യത്തിനുകിട്ടിയ വിവരം ശേഖരിച്ചതിനുശേഷമുള്ള കണക്കാണിത്. 5,869 അപേക്ഷകൾ ഡിസ്ട്രിക്റ്റ് കളക്ടർമാർക്കുള്ള സർക്കുലർ കിട്ടിയിട്ടുണ്ട്. ചില അപേക്ഷകൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റുചിലവ പരിശോധിച്ചുവരുന്നു. സഹായധനം ആകെ വിതരണം ചെയ്തിട്ടില്ല.

(സി) ചട്ടങ്ങളുടെ ഒരു കോപ്പി മേശപ്പുറത്ത് വച്ചിട്ടുണ്ട്.

† Put by Shri E. P. Gopalan

‡ Appendix I

LIBRARY ARCHIVES Kerala Legislative Assembly